കെ. എ. പി. മൂന്നാം ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം

41 [5184] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. മൂന്നാം ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ആയി എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്ന് ആദ്യ ബാച്ചായി 78 പേരെ ട്രെയിനിംഗിന് വിളിക്കുകയും അതിൽ 67 പേർ ഹാജരാകുകയും പരിശീലനം പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ബാച്ചായി 47 പേരെ ട്രെയിനിംഗിന് വിളിക്കുകയും അതിൽ 43 പേർ ഹാജരാകുകയും അതിൽ 42 പേർ പരിശീലനം പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കൂടാതെ മൂന്നാം ബാച്ചായി 39 പേരെ പരിശീലനത്തിന് വിളിക്കുകയും അതിൽ 36 പേർ പരിശീലനത്തിന് ഹാജരാകുകയും അവരുടെ പരിശീലനം നടന്നുവരികയുമാണ്. ഇപ്പോൾ പുതിയതായി സൃഷ്ടിച്ച വനിതാ കോൺസ്റ്റബിൾമാരുടെ ഒഴിവുകളിലേക്ക് 95 പേർക്ക് പി.എസ്.സി. മുഖാന്തിരം അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇവരുടെ പരിശീലനം സ്ഥലപരിമിതി മൂലം 1-12-2003-ന് മാത്രമേ ആരംഭിക്കുകയുള്ളൂ.

(ബി) 95 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ വനിതാ കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് നടന്നുവരികയാണ്. അവരുടെ ട്രെയിനിംഗ് തീരുന്ന മുറയ്ക്ക് 4-ാം ബാച്ചായി ഡിസംബർ മാസം ട്രെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് സൂപ്രണ്ടിന്റെ യാത്രാബത്ത

42 [5185] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് മാസങ്ങളിൽ മലപ്പുറം പോലീസ് സൂപ്രണ്ടിന്റെ യാത്രാബത്ത എത്രയായിരുന്നു എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly